പ്രതീക്ഷിക്കുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. എന്നാൽ ബന്ധപ്പെട്ട കുറെകൂടി വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടും നബാർഡ് പോലുള്ള ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സഹായം ലഭ്യമാകത്തക്കവിധത്തിലും പ്രസ്തുത റിപ്പോർട്ട് പരിഷ്കരിക്കുന്നതിന് 'നാട്ടുപാക്കി'നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ റിപ്പോർട്ട് മാർച്ച് മാസം അവസാനത്തോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി,സി,ഡി&ഇ) 12-1-2000-ൽ ജലസേചനവും തൊഴിലും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും നഗരം ശുചിത്വമുള്ളതാക്കുന്നതും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ, എം.പി., എം.എൽ.എ., വകുപ്പുകളുടെ പ്രതിനിധികൾ എന്നിവരുടെ ഒരു ഉന്നതതല യോഗം വിളിച്ച് കൂട്ടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ അടുത്ത വർഷത്തെ ബഡ്ജറ്റിൽ കഴിയുന്നത്ര തുക ഈ സ്കീമിനു വേണ്ടി വക കൊള്ളിക്കുന്നതിനും കൂടാതെ നബാർഡുപോലുള്ള ധനകാര്യസ്ഥാപനങ്ങളെ സമീപിക്കുന്നതിനും തീരുമാനിച്ചു. ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് ബന്ധപ്പെട്ട കൂടുതൽ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തിക്കൊണ്ടും പുറമേ നിന്നുള്ള ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സഹായം ലഭ്യമാക്കുന്നവിധത്തിലും പരിഷ്ക്കരിക്കുന്നതിന് നാട്ടുപാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പുതുക്കിയ റിപ്പോർട്ട് ലഭിച്ച് കഴിഞ്ഞാലുടൻ അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

വയനാട് ജില്ലയിലെ ജലസേചന പദ്ധതികൾ

33(936) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ജലസേചന പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നതിന് 2000 ജനുവരിയിൽ വയനാട് കളക്ടറേറ്റിൽ ജലസേചന വകുപ്പ് സെക്രട്ടറി വിളിച്ച് ചേർത്ത ജില്ലയിലെ ജനപ്രതിനിധികളുടെയും രാഷ്ട്രീയപാർട്ടിപ്രതിനിധികളുടെയും യോഗത്തിൽ പങ്കെടുത്തവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വയനാട്ടിൽ വൻകിട ജലസേചന പദ്ധതികൾ ഒഴിവാക്കി പകരം വെള്ളം തടഞ്ഞ് നിർത്തുന്നതിന് ചെറിയ തടയണകൾ നിർമ്മിക്കണമെന്ന ആവശ്യം പരിഗണിക്കുമോ ; എങ്കിൽ ഇതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കാവേരി ജലതർക്ക ട്രൈബൂണലിൽ കേരളം അവകാശം ഉന്നയിച്ചിട്ടുള്ള ജലം ഉപയുക്തമാക്കാൻ ഉതകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചാൽ ട്രൈബൂണലിന്റെ അന്തിമ വിധി കേരളത്തിന് കൂടുതൽ ഗുണകരമാകാം എന്ന വസ്തുത കൂടി കണക്കിലെടുത്ത് തടയണകൾ പോലുള്ള ചെറുപദ്ധതികളുടെ കാര്യം പരിഗണിക്കാനാകും. ജനപ്രതിനിധികളും,

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയപാർട്ടി പ്രതിനിധികളും ഉന്നയിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ജനങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിച്ച് ഏതുതരം പദ്ധതികൾ നടപ്പിലാക്കാനാകുമെന്ന് തീരുമാനിക്കേണ്ടതായിട്ടുണ്ട്.

കുഴൽമന്ദം നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി പണി നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

34(937) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റി ഇപ്പോൾ പണി നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ,ബി&സി) കുഴൽമന്ദം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റി ഇപ്പോൾ പണി നടത്തിക്കൊണ്ടിരിക്കുന്ന നാല് പദ്ധതികളും അവയുടെ പ്രവർത്തന പുരോഗതിയും കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന മാസവും താഴെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്	ആരംഭിച്ച വർഷം	എസ്റ്റിമേറ്റ് തുക ലക്ഷത്തിൽ	പ്രോഗ്രാം	പ്രവർത്തന പുരോഗതി	കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന മാസം
(1)	(2)	(3)	(4)	(5)	(6)
1. പെരിങ്ങോട്ടു കുറിശ്ശി പഞ്ചായത്തിലെ പരുത്തിച്ചുള്ളി മിനി ശുദ്ധജലവിതരണ പദ്ധതി.	1999	5.00	ജനകീയാ സൂത്രണം	പണി പൂർത്തീകരിച്ചു. പവർ കണക്ഷൻ ലഭിക്കാനുണ്ട്	3/2000
2. മാത്തൂർപഞ്ചായത്തിലെ മിനി ആനയാംകുണ്ട് ശുദ്ധജലവിതരണപദ്ധതി.	1998	4.00	”	”	”

LIBRARY ARCHIVES Kerala Legislative Assembly